പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 721 — 6.2.2013 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ഗവ. സൈബർപാർക്ക് നിർമ്മാണത്തിന്റെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കമാർ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് കെട്ടിടം എത്ര വിസ്തൃതിയിലാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ ; | എ) | കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്കിലെ കെട്ടിടം ഏകദേശം 2.85 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിലാണ് നിർമ്മിക്കുന്നത്. |
| ബി) | പ്രസ്തുത പ്രവൃത്തി എന്നാണ് ടെണ്ടർ ചെയ്തതെന്ന് വ്യക്തമാക്കുമോ ; | ബി) | 29.5.2012 ലാണ് ടെണ്ടർ ചെയ്തത്. |
| സി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതി വ്യവഹാരങ്ങൾ ഉണ്ടായിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) | കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ഡി) | കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നിബന്ധനകൾ പാലിക്കാതെ കെട്ടിട നിർമ്മാണം ആരംഭിച്ചതിനാൽ പണി നിർത്തിവയ്ക്കുവാൻ സൈബർപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. ഇതിനെതിരെ M/s KRR Infra Projects Pvt. Ltd., Hydrabad ഹൈക്കോടതിയിൽ WP(C)No. 16019/2012(B) നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. |
| ഇ) | പ്രസ്തുത കെട്ടിടം എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; | ഇ) | 2014 മാർച്ച് മാസത്തോടെ കെട്ടിട നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുവാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| എഫ്) | കെട്ടിട നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാര്യകാരണങ്ങൾ വിശദമാക്കുമോ ? | എഫ്) | പൈൽ ഫൗണ്ടേഷനില്ലാതെ കോളം ഫൂട്ടിംഗ് രീതിയിലാണ് ആർക്കിടെക്റ്റ് കെട്ടിടം രൂപകൽപന ചെയ്ത് ടെണ്ടർ നൽകിയിരുന്നതെന്നും കെട്ടിടത്തിന്റെ സ്ട്രക്ചറൽ പ്രൂഫ് ചെക്കിംഗിന്റെ സമയത്ത് ചെന്നൈ Indian Institute of Technology യിലെ വിദഗ്ധന്മാർ പൈൽ ഫൗണ്ടേഷനില്ലാതെ പ്രസ്തുത ഭൂമിയിൽ ഇത്ര വലിയ |

കെട്ടിടം നിർമ്മിക്കുന്നത് സുരക്ഷിതമല്ലെന്നും വ്യക്തമായി റിപ്പോർട്ട് ചെയ്തതിനാൽ സൈബർപാർക്കിന്റെ ബോർഡ് ഓഫ് ഗവേണേഴ്സിന്റെ നിർദ്ദേശാനുസരണം. പ്രവൃത്തി നിർത്തിവെക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ M/s KRR Infra Projects Pvt. Ltd., Hydrabad, ഹൈക്കോടതിയിൽ WP(C)No. 16019/2012(B) നമ്പരായി കേസ് ഫയൽ ചെയ്തു. കേസ് തീർപ്പാക്കിയതിന് ശേഷം M/s KRR Infra Projects Pvt. Ltd., Hydrabad 3.10.2012 ന് പ്രവർത്തനാനുമതി കൈപ്പറ്റി. തുടർന്ന് 7 ദിവസത്തിനുള്ളിൽ പ്രവർത്തി തുടങ്ങേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത കരാറുകാരൻ സൈറ്റ് ഓഫീസ് സ്ഥാപിക്കുകയോ, സ്റ്റാഫിനെ നിയമിക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾ അനുസരിച്ച് പണി പൂർത്തീകരിക്കുന്ന വിശദമായ പദ്ധതി സമർപ്പിച്ചിട്ടില്ല. കരാർ തുകയ്ക്ക് അനുസൃതമായ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇൻഷുറൻസ് പോളിസി മുതലായവ നൽകിയിട്ടില്ല. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ